I/346529/2023

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,തിരുവനന്തപുരം

നമ്പർ: DT/2085/2023-G1 തീയതി: 11-05-2023

## വിജ്ഞാപനം

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- പരീക്ഷാവിഭാഗം- അഖിലേന്ത്യ ട്രേഡ് ടെസ്റ്റ് ജൂലൈ-2023- 6 മാസം/ഒരു വർഷം/രണ്ടു വർഷം ട്രേഡുകളുടെ പ്രാക്ടിക്കൽ, CBT- റെഗുലർ പരീക്ഷകൾക്ക് പങ്കെടുക്കുന്നതിന് ഓഗസ്റ്റ് 2021-2023, ഓഗസ്റ്റ് 2022-2023, ഓഗസ്റ്റ് 2022-2024 പരിശീലന വർഷങ്ങളിൽ MIS പോർട്ടൽ മുഖേനെ പ്രവേശനം നേടിയ ട്രെയിനികളിൽ നിന്നും അപേക്ഷക ക്ഷണിച്ചു കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

സൂചന:- DGT യിൽ നിന്നുള്ള 28/04/2023 ലെ DGT-16/2022-TT Cell (FTS.No.E.54304) നമ്പർ ഉത്തരവ്

***********

സംസ്ഥാനത്തെ സർക്കാർ/എസ്.സി.ഡി.ഡി/ എസ്.റ്റി.ഡി.ഡി/ സ്വകാര്യ ഐ റ്റി ഐ കളിൽ എൻ. സി. വി. റ്റി അഫിലിയേഷൻ നേടിയ അംഗീകൃത ട്രേഡുകളിൽ ഓഗസ്റ്റ് 2021-2023, ഓഗസ്റ്റ് 2022-2023, ഓഗസ്റ്റ് 2022-2024 പരിശീലന വർഷങ്ങളിൽ MIS പോർട്ടൽ മുഖേനെ പ്രവേശനം നേടിയ ട്രെയിനികളിൽ നിന്നും പ്രാക്ടിക്കൽ, CBT റെഗുലർ പരീക്ഷകൾക്ക് പങ്കെടുക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ 09/06/2023 വൈകുന്നേരം 5 മണിക്ക് മുൻപായി ബന്ധപ്പെട്ട ഐ റ്റി ഐ പ്രിൻസിപ്പാളിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

പ്രാക്ടിക്കൽ വിഷയങ്ങൾക്ക് അപേക്ഷാഫീസ് 110/- (നൂറ്റിപ്പത്ത് രൂപ മാത്രം) രൂപയും, CBT പരീക്ഷയ്ക്ക് 213/- (ഇരുന്നൂറ്റി പതിമൂന്ന് രൂപ മാത്രം) രൂപയുമാണ് . ഐ റ്റി ഐ പ്രിൻസിപ്പാൾമാർ ട്രെയിനികളുടെ ഹാജർ, ഫോർമേറ്റീവ് അസ്സെസ്സ്മെന്റ് മാർക്ക്, പരീക്ഷാഫീസ് എന്നീ വിവരങ്ങൾ MIS പോർട്ടലിൽ 09/06/2023 നകം പൂർത്തീകരിച്ചിരിക്കണം.

DGT യിൽ നിന്നുള്ള നിർദേശ പ്രകാരം പ്രാക്ടിക്കൽ, CBT എന്നിവയുടെ ഫീസ് സ്റ്റാറ്റസ് MIS പോർട്ടലിൽ അപ്ഡേറ്റ് ചെയ്യേണ്ട അവസാന തീയതി 10/06/2023 ആയതിനാൽ അതനുസരിച്ച് ട്രെയിനികളിൽ നിന്നും അപേക്ഷയും, ഫീസും ശേഖരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഓരോ ഐ റ്റി ഐ പ്രിൻസിപ്പാൾമാരും മുൻകൂട്ടിത്തന്നെ സ്വീകരിക്കേണ്ടതാണ്. ഫീസ് സ്റ്റാറ്റസ് സമയബന്ധിതമായി MIS പോർട്ടലിൽ അപ്ഡേറ്റ് ചെയ്യേണ്ടതും, ടി വിഷയത്തിൽ യാതൊരു കാരണവശാലും തീയതി ദീർഘിപ്പിച്ചു നൽകാൻ

കഴിയില്ലെന്നും DGT യിൽ നിന്നും അറിയിച്ചിട്ടുള്ള വിവരവും ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>യോഗ്യതയും നിർദേശങ്ങളും</u>

ചുവടെ പരാമർശിക്കുന്നവർക്ക് 2022 ഓഗസ്റ്റിൽ നടക്കുന്ന അഖിലേന്ത്യ ട്രേഡ് ടെസ്റ്റിന് ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കാവുന്നതാണ്.

| അഡ്മിഷൻ സെഷൻ | അപേക്ഷിക്കാവുന്ന വാർഷിക പരീക്ഷ |
|---|---|
| 2021-23 | രണ്ടു വർഷ ട്രേഡ് കളുടെ രണ്ടാം വാർഷിക പരീക്ഷ |
| 2022-23 | 6മാസകോഴ്സുകൾ/ഒരു വർഷ ട്രേഡ് കളുടെ വാർഷിക പരീക്ഷ |
| 2022-24 | രണ്ടു വർഷ ട്രേഡ് കളുടെ ഒന്നാം വാർഷിക പരീക്ഷ |

എ) 2023 ജൂലൈ അഖിലേന്ത്യ ട്രേഡ് ടെസ്റ്റ് -പ്രാക്ടിക്കൽ പരീക്ഷ 03/07/2023 മുതൽ 07/07/2023 വരെയും, CBT പരീക്ഷ 10/07/2023 മുതൽ 04/08/2023 വരെയുമാണ് നടത്താൻ തീരുമാനിച്ചിരിക്കുന്നത്. ടൈം ടേബിൾ ഇതോടൊപ്പം ഉൾപ്പെടുത്തുന്നു.

ബി) CBT പരീക്ഷയുടെ വിശദമായ സമയ ക്രമ പട്ടിക DGT യിൽ നിന്നും താമസിയാതെ തന്നെ അറിയിക്കുന്നതായിരിക്കും.

സി) ട്രെയിനികൾക്ക് പ്രാക്ടിക്കൽ പരീക്ഷയ്ക്കും, CBT പരീക്ഷയ്ക്കും പ്രത്യേകം ഹാൾ ടിക്കറ്റുകളാണ് പോർട്ടലിൽ നിന്നും ലഭിക്കുന്നത്. ട്രെയിനികളുടെ പ്രൊഫൈൽ ഐ ഡി വഴിയും, ഐ റ്റി ഐ യുടെ Creator ഐ ഡി വഴിയും ഹാൾ ടിക്കറ്റ് ലഭ്യമാകുന്നതാണ്.

ഡി) പ്രാക്ടിക്കൽ പരീക്ഷയ്ക്കുള്ള ഫീസായ 110 രൂപ "0230-Labour& Employment-00-800-Other Receipts-88 Other Items" എന്ന ശീർഷകത്തിൽ അടക്കേണ്ടതും, CBT ഫീസായ 213 രൂപ ട്രെയിനികളിൽ നിന്നും ശേഖരിച്ച ശേഷം **ഒരുമിച്ച് ഒറ്റ തവണയായി ഐ റ്റി ഐകളുടെ Creator ൽ ലഭ്യമായ bulk Fee payment link വഴി അടയ്ക്കേണ്ടതാണ്.** CBT ഫീസ് അടച്ച ശേഷം ലഭിക്കുന്ന രസീതിന്റെ പകർപ്പും, ഫീസ് നൽകിയ ട്രെയിനികളുടെ ലിസ്റ്റും സബ് നോഡൽ ഐ റ്റി ഐ യ്ക്ക് കൈമാറേണ്ടതാണ്.

<u>അപേക്ഷകർക്കുള്ള നിർദേശങ്ങൾ</u>

i) പ്രാക്ടിക്കൽ ഫീസായ 110 രൂപ, CBT ഫീസായ 213 രൂപ ഉൾപ്പെടെ പരിശീലനം നേടുന്ന സ്ഥാപനത്തിലെ പ്രിൻസിപ്പാൾ മുൻപാകെ നിശ്ചിത മാതൃകയിലുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ii) ഒരിക്കൽ അടച്ച പരീക്ഷാഫീസ് യാതൊരു കാരണവശാലും മടക്കി നൽകുകയോ, വേറെ ഏതെങ്കിലും രീതിയിൽ ക്രമീകരിക്കുകയോ ചെയ്യുന്നതല്ല.

iii) ട്രെയിനികൾക്ക് അവരുടെ പ്രൊഫൈൽ കാണാനും, അതിൽ എന്തെങ്കിലും തരത്തിലുള്ള തിരുത്തലുകൾ ആവശ്യമാണെങ്കിൽ ആയത് പരിഹരിക്കാനും സാധിക്കുന്നതാണ്. ആയതിനുള്ള Trainee Profile Verification before Hall Ticket Generation-SOP ഇതോടൊപ്പം അയക്കുന്നു.

റെഗുലർ ചാൻസിൽ ആദ്യമായി പരീക്ഷ എഴുതുന്ന 6 മാസ ട്രെയിനികൾക്കും, ഒരു വർഷ ട്രേഡ് ട്രെയിനികൾക്കും, രണ്ട് വർഷ ട്രേഡ് കാരുടെ ഒന്നാം വാർഷിക പരീക്ഷ എഴുതുന്ന ട്രെയിനികൾക്കും മാത്രമേ ഈ അവസരം ലഭിക്കുകയുള്ളൂ. രണ്ടാം വാർഷിക പരീക്ഷ എഴുതുന്ന രണ്ട് വർഷ ട്രേഡ് കാർക്ക് ഇതിനോടകം (കഴിഞ്ഞ പരീക്ഷക്ക് മുൻപ് ) തന്നെ പ്രസ്തുത അവസരം DGT നൽകിയിരുന്നതിനാൽ ഇവർക്ക് പ്രൊഫൈലിലെ അപാകത ഇത്തവണ പരിഹരിക്കാൻ കഴിയില്ല.

പ്രൊഫൈൽ വെരിഫിക്കേഷനിലെ ഏതെങ്കിലും ഫീൽഡിൽ തിരുത്തലുകൾ ആവശ്യമാണെങ്കിൽ ആയതു ട്രെയിനി NCVT- MIS ൽ ലഭിക്കുന്ന പേജിൽ കാണുന്ന ചെക്ക് ബോക്സിൽ "Tick" മാർക്ക് ചെയ്ത് ആവശ്യമായ രേഖയും സെലക്ട് ചെയ്ത് 'Submit' ചെയ്യേണ്ടതാണ്. തുടർന്ന് 2 ഫീൽഡുകളിലെ തിരുത്തൽ അതാത് ഐ ടി ഐ കൾക്കും 4 ഫീൽഡ് വരെ യുള്ള തിരുത്തൽ RDSDE ക്കും നാലിന് മുകളിൽ ഫീൽഡുകളിൽ തിരുത്തൽ വന്നാൽ NPIU അഥവാ DGT ക്കുമാണ് ആയതു അംഗീകരിക്കാനോ തിരസ്കരിക്കാനോ ഉള്ള അനുമതി നിശ്ചിത സമയപരിധിക്കുള്ളിൽ നൽകിയിട്ടുള്ളത്.

iv) പ്രൊഫൈൽ പരിശോധിച്ച് തിരുത്തലുകൾ വരുത്താൻ ട്രെയിനികൾക്ക് അവസരം നൽകിയിരിക്കുന്ന അവസാന തീയതി 15/05/2023 വരെയാണ്.

v) പ്രാക്ടിക്കൽ പരീക്ഷയിൽ മെഷീനുകളിൽ പ്രായോഗിക പരീക്ഷ ചെയ്യേണ്ടവർ പ്രാക്ടിക്കൽ പരീക്ഷയ്ക്ക് മുൻപായി 110 രൂപ, ജാമ്യ നിക്ഷേപ തുകയായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരെ ഏല്പിക്കേണ്ടതും, ടെസ്റ്റിനു ശേഷം ബാധ്യതകൾ ഉണ്ടായിട്ടില്ലാത്ത പക്ഷം പ്രസ്തുത ജാമ്യതുക തിരികെ കൈപ്പറ്റേണ്ടതുമാണ്.

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

ഉള്ളടക്കം :- മേൽപ്പറഞ്ഞത്.

# അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2023-
# വാർഷിക റെഗുലർ പരീക്ഷയ്ക്കുള്ള അപേക്ഷ ഫോറം

1. പരിശീലനാർത്ഥി പരിശീലനം നേടിയ വ്യാവസായിക പരിശീലന സ്ഥാപനത്തിന്റെ പേര് :
2. സ്ഥാപനത്തിന്റെ എം.ഐ.എസ്.കോഡ് :
3. ട്രേഡ് :
4. അപേക്ഷകന്റെ പേര് :
5. റോൾ നമ്പർ (R/P എന്ന് തുടങ്ങുക) :
6. മൊബൈൽ നമ്പർ :
7. ഇ -മെയിൽ ഐ.ഡി :
8. ആൺ/പെൺ :
9. പരിശീലന കാലയളവ് :

## സത്യപ്രസ്താവന

മുകളിൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും, വിശ്വാസ ത്തിലും ശരിയാണെന്നും, പ്രാക്ടിക്കൽ, സി.ബി.റ്റി പരീക്ഷയ്ക്ക് ആവശ്യമായ ഫീസ് അടച്ചുകൊണ്ട് ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും അനുവദിച്ച നൽകുന്ന പരീക്ഷാകേന്ദ്രത്തിൽ പരീക്ഷ എഴുതാൻ സമ്മതമാണ്. മാത്രമല്ല 80% ഹാജർ ലഭിച്ചാൽ മാത്രമേ എനിക്ക് ട്രേഡ് ടെസ്റ്റ് എഴുതാൻ ഹാൾ ടിക്കറ്റ് ലഭിക്കുകയുള്ളൂ വെന്നും, ഡി.ജി.റ്റി അനുശാസിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസരിച്ച സമയ ബന്ധിതമായി എന്റെ എം.ഐ.എസ് പോർട്ടൽ യോഗ്യതകൾ എല്ലാം ഉറപ്പാക്കിയാൽ മാത്രമേ എനിക്ക് പരീക്ഷ എഴുതാൻ കഴിയുകയുള്ളൂ എന്നുമുള്ള ഉത്തമബോധ്യം എനിക്കുണ്ടെന്നും അറിയിക്കുന്നു.

അപേക്ഷകന്റെ പേര്:

ഒപ്പ് :

# പ്രിൻസിപ്പാളിന്റെ പരിശോധനാ റിപ്പോർട്ട്

1) ഫീസ് ഒടുക്കുന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ

**പ്രാക്ടിക്കൽ പരീക്ഷ**

a) ചെലാൻ നമ്പരും തീയതിയും :
(സ്വകാര്യ വ്യാവസായിക പരിശീലന
സ്ഥാപനങ്ങളിൽ നിന്നുള്ള അപേക്ഷയിൽ
അസ്സൽ ചെലാൻ ഉൾപ്പെടുത്തണം)

b) ട്രഷറിയുടെ പേര് :

c) തുക :

**സി ബി റ്റി പരീക്ഷ**

d) ശേഖരിച്ച തുകയും, തീയതിയും :

II) അഡ്മിഷൻ നമ്പറും, തീയതിയും :
പരിശീലന കാലയളവും

III) പ്രസ്തുത ട്രേഡിൽ പ്രവേശനം നേടിയ :
പരിശീലനാർത്ഥികളുടെ ആകെ എണ്ണം
(പ്രവേശന പൂർത്തീകരണ രജിസ്റ്റർ
പ്രകാരമുള്ളത്)

IV) പരിശീലനാർത്ഥിയുടെ ക്രമ നമ്പർ :
(പ്രവേശന പൂർത്തീകരണ രജിസ്റ്റർ
പ്രകാരമുള്ളത്)

മേൽപ്പറഞ്ഞ അപേക്ഷയിലെ വിശദാംശങ്ങൾ ഓഫീസ് രേഖകൾ പ്രകാരം ശരിയാണെന്ന് ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു. പരിശീലന പൂർത്തീകരണ രജിസ്റ്ററിൽ ടിയാന്റെ പേര് ഉൾപ്പെട്ടിട്ടുണ്ടെന്നും, എൻ.സി.വി.റ്റി അഫിലിയേറ്റഡ് യൂണിറ്റിൽ നിന്നും ആവശ്യമായ പരിശീലനം, പരിശീലന കാലയളവിൽ ടിയാൻ/ ടിയാൾ നേടിയിട്ടുണ്ടെന്നും ഞാൻ അറിയിക്കുന്നു. ആയതിനാൽ ടിയാനെ/ടിയാളെ 2023 ജൂലൈയിൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നതിനൊപ്പം ടിയാന്റെ/ടിയാളുടെ സ്വഭാവം------ ആണെന്നും പ്രസ്താവിക്കുന്നു.

പ്രിൻസിപ്പാളിന്റെ ഒപ്പ്
ഔദ്യോഗിക മേൽവിലാസം

സ്ഥലം:
തീയതി :

(ഓഫീസ് മുദ്ര)